**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3251** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഓക്സിജൻ പ്ലാന്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് നിലവിലില്ല. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കോവിഡ് രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തി 10 കി.ലിറ്റർ സംഭരണ ശേഷിയുള്ള ലിക്വിഡ് മെഡിക്കൽ ഓക്സിജൻ ടാങ്ക് മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പി എം കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മിനിട്ടിൽ 1000 ലിറ്റർ ഉൽപ്പാദന ശേഷിയുള്ള ഓക്സിജൻ ജനറേഷൻ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനു പുറമെ കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ മിനിട്ടിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള ഓക്സിജൻ ജനറേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാനന്തവാടി മെഡിക്കൽ ആശുപത്രിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓക്സിജൻ ടാങ്ക്, കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓക്സിജൻ ജനറേഷൻ സിസ്റ്റം എന്നിവയുടെ നിർമ്മാണ നിർവ്വഹണ ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും, സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓക്സിജൻ ജനറേഷൻ യൂണിറ്റിന്റെ നിർമ്മാണ നിർവ്വഹണ ചുമതല ഡി.ആർ.ഡി.ഓ – സി.പി ഡബ്ല്യൂ.ഡി ആണ്. |
| (ബി) | പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണത്തിനായി വകയിരുത്തിയ തുക എത്രയാണെന്നും ഇതിന്റെ നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നെതെന്നും വ്യക്തമാക്കാമോ ? | (ബി) | വയനാട് ജില്ലയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് നിലവിലില്ല. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കോവിഡ് രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തി 10 കി.ലിറ്റർ സംഭരണ ശേഷിയുള്ള ലിക്വിഡ് മെഡിക്കൽ ഓക്സിജൻ ടാങ്ക് മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പി എം കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മിനിട്ടിൽ 1000 ലിറ്റർ ഉൽപ്പാദന ശേഷിയുള്ള ഓക്സിജൻ ജനറേഷൻ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനു പുറമെ കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ മിനിട്ടിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള ഓക്സിജൻ ജനറേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മാനന്തവാടി മെഡിക്കൽ ആശുപത്രിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓക്സിജൻ ടാങ്ക്, കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓക്സിജൻ ജനറേഷൻ സിസ്റ്റം എന്നിവയുടെ നിർമ്മാണ നിർവ്വഹണ ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും, സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓക്സിജൻ ജനറേഷൻ യൂണിറ്റിന്റെ നിർമ്മാണ നിർവ്വഹണ ചുമതല ഡി.ആർ.ഡി.ഓ – സി.പി ഡബ്ല്യു.ഡി ആണ്. |

സെക്ഷൻ ഓഫീസർ